# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3401** | **21-12-2012 ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നെല്ല് സംഭരണം ഫലപ്രദമായി നടപ്പാക്കുന്നില്ലെന്നും സംഭരിച്ച നെല്ലിന്റെ തുക കൃഷിക്കാർക്ക് ലഭിച്ചിട്ടില്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര തുക ഈ നിലയിൽ കുടിശ്ശിക നൽകാനുണ്ട് എന്നും, എന്ന് തുക വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ; | (എ) സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. സംഭരിച്ച നെല്ലിന്റെ വില, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സപ്ലൈകോ കൃഷിക്കാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകി വരുകയും ചെയ്യുന്നുണ്ട്. 2012-13 ഒന്നാം സീസണിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും ഇതുവരെ 127117.97 ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 123 കോടി രൂപ ഇതുവരെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനി 93.01 കോടി രൂപ കൂടി വിതരണം നടത്തുവാനുണ്ട്. ബാക്കി തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോ നൽകുന്നതാണ്. |
| (ബി) നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്യുന്നതു വഴി വൻതോതിൽ നെൽവയൽ നികത്തുന്നതിന്റെ ഫലമായി നിലവിലുള്ള നെൽകൃഷിയും അന്യമാകുന്ന സ്ഥിതി തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) നെൽവയൽ തണ്ണീർത്തട നിയമം കർശനമായി നടപ്പാക്കുന്നതിനായി വില്ലേജ് ഓഫീസർമാരെ ബന്ധപ്പെട്ട വില്ലേജ് പരിധികളിൽ ആക്ട് പ്രകാരമുള്ള ആധികാരികത നൽകിക്കൊണ്ടാണ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. തൻമൂലം അനധികൃത നിലം നികത്തൽ കുറേക്കൂടി ഫലപ്രദമായി തടയുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ? | (സി) | 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിൽ വിവക്ഷിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ച് വ്യാപകമായ അനധികൃത പരിവർത്തനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തടയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ